LIBRARY ARCHIVES Kerala Legislative Assembly

**അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

230 (4862) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പി.എസ്.ഫെറി, അഞ്ചുതുരുത്ത് കടപുറം കെൽട്രോൺ ഫെറി-കുമ്പളങ്ങി എന്നിവിടങ്ങളിലെ പാലം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് ആവശ്യമുള്ളിടത്ത് ആയതിനായുള്ള AS മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്ക് കേന്ദ്ര നിയമത്തിന് അനുസൃതമായ റൂൾ തയ്യാറാക്കി കഴിഞ്ഞോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാക്കയിൽ കടവ്, പി.എസ്, ഫെറി, അഞ്ചുതുരുത്ത്, കടപ്പുറം എന്നിവിടങ്ങളിലെ പാലങ്ങളുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വരുന്നു. കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലത്തിന്റെ മണ്ണ പരിശോധന പൂർത്തിയായി കരട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമമനുസരിച്ച് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര നിയമത്തിന് അനുസൃതമായ നിയമം തയ്യാറാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

**ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് നടപ്പിലാക്കിയ സൗകര്യങ്ങൾ**

231 (4863) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് തലത്തിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;